



തൃശൂർ പരിശുദ്ധ
വ്യാകുലമാതാവിൻ
ബസിലിക്ക

# വെഞ്ചിരിപ്പും പുനഃപ്രതിഷ്ഠയും

2021 ജനുവരി 1

## SHRINE BASILICA OF OUR LADY OF DOLOURS

Thrissur, Kerala -680 001, India   Phone : 0487 - 2420906, 2445325
e-mail: doloursbasilica@gmail.com   Web: www.doloursbasilicathrissur.com



## ഏവർക്കും ക്രിസ്തുമസ് നവവത്സരാശംസകൾ നേർന്നുകൊള്ളുന്നു

കോവിഡ് മഹാമാരിയുടെ മുമ്പിൽ മനുഷ്യൻ ഭയപ്പെട്ട്, വിറങ്ങലിച്ച്, അന്ധാളിച്ച് നിൽക്കുകയാണ്. ഇതുവരെയും ഫലപ്രദമായ ഒരു മരുന്ന് കണ്ടുപിടിച്ചിട്ടില്ല. ലക്ഷക്കണക്കിന് ആളുകൾ മരിച്ചുപോയി. ദശലക്ഷങ്ങൾ രോഗികളായി കഴിയുന്നു. ഇതിനും പുറമെ സാമ്പത്തിക പ്രതിസന്ധി. ഭക്ഷണം, വസ്ത്രം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കുപോലും മനുഷ്യർ ഞെരുങ്ങുന്നു. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തുമസ്സും; നമ്മുടെ പള്ളിയുടെ വെഞ്ചിരിപ്പും, പുനഃപ്രതിഷ്ഠയും. ഏറ്റവും ഭക്തിയോടെ ലളിതമായി എല്ലാം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

നമ്മുടെ പള്ളിയുടെ ചരിത്രമെല്ലാം നാം നേരത്തെ മനസ്സിലാക്കിയിട്ടുള്ളതാണല്ലോ. അതിലെ പ്രധാന നാഴിക്കല്ലാണ് നമ്മുടെ പള്ളി ബസിലിക്കയായി ഉയർത്തപ്പെട്ട സംഭവം. 1992 മെയ് 20ന് നമ്മുടെ പള്ളി ഒരു ബസിലിക്കയായി. എന്താണ് ബസിലിക്ക എന്ന് നിങ്ങൾക്ക് ഒരുപക്ഷേ അറിയാമായിരിക്കും. കത്തോലിക്കസഭയിൽ ക്രൈസ്തവ ദേവാലയങ്ങൾക്ക് ലഭിക്കാവുന്നതിൽ ഏറ്റവും വലിയ സ്ഥാനമാണ്; ബഹുമതിയാണ് 'ബസിലിക്ക' എന്നത്. അടുത്ത നാഴികക്കല്ല് നമ്മുടെ ബൈബിൾ ടവറിന്റെ വെഞ്ചിരിപ്പാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ ഒരു നേട്ടമായി അത് തലയുയർത്തി നിൽക്കുന്നു.

ഇപ്പോൾ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്ന നിർമ്മാണങ്ങൾ; ചുരുക്കമായി പറഞ്ഞാൽ പള്ളിയുടെ അടർന്ന് നിന്നിരുന്ന പ്ലാസ്റ്റർ പൊളിച്ച് കളഞ്ഞ് പള്ളിയുടെ ഇരുപത് ശതമാനത്തോളം ഭാഗം പുതിയ വാട്ടർ പ്രൂഫ് പ്ലാസ്റ്ററിങ് ചെയ്തതിനുശേഷം ബാക്കിയുള്ള സ്ഥലത്തെ കുമ്മായം ചുരണ്ടി കളഞ്ഞ് സ്ളീക്ക് അടിച്ച്, എക്സ്റ്റീരിയർ പുട്ടിയിട്ട് ഉരച്ച് ശരിയാക്കിയ ശേഷം ഒരു കോട്ട് പ്രൈമറും 2 കോട്ട് പെയിൻറും അടിച്ചു. കൂട്ടത്തിൽ 15 സ്വർണ്ണോസുകൾ കേടുപാടുകൾ തീർത്ത് പെയിന്റിങ്ങ്, ആർട്ട്‌വർക്കുകൾ ചെയ്ത് സ്വർണ്ണനിറത്തിലേക്ക് മാറ്റിയെടുത്തു. പള്ളി മുഴുവൻ Rewiring, point by point lighting ചെയ്തുതീർത്തു. അൾത്താരക്ക് ചുറ്റുമുള്ള 4 സെറ്റ് പില്ലറുകൾക്ക് head design, marble finish കൊടുത്തു. 3 ടവറുകളുടേയും ഉൾവശം പെയിന്റ് അടിക്കുകയും Step by step lighting കൊടുക്കുകയും ചെയ്തു. Floor and pillar mosaic mirror polish ചെയ്തു. 3 ടവറുകളിലും പുറംഭാഗത്തുകൂടി മുകളിലേക്ക് കയറിപോകാൻ പുതിയ കോണികൾ വെയ്ക്കുകയുണ്ടായി. വലിയ സംഭവം തന്നെയാണ് നടന്നിരിക്കുന്നത്. ആ **വെഞ്ചിരിപ്പും പുനഃപ്രതിഷ്ഠയുമാണ് ജനുവരി 1 ന് 4 മണിക്ക്** നടക്കുന്നത്. ദൈവത്തിന്റെ കൃപ കൊണ്ടും എല്ലാവരുടെയും പ്രാർത്ഥനയുടെ പിൻബലത്താലും കുറച്ചുപേരുടെ നിതാന്തപരിശ്രമങ്ങൾ കൊണ്ടും ഇതൊക്കെ നടന്നു എന്നേ പറയാനുള്ളൂ.

ഈ വെഞ്ചിരിപ്പോടുകൂടി നാം 100 വിശുദ്ധാത്മാക്കളുടെ തിരുശേഷിപ്പുകൾ നമ്മുടെ പള്ളിയിൽ പ്രതിഷ്ഠിക്കുന്ന കർമ്മവും നടത്തുന്നുണ്ട്. പ്രായാധിക്യമുണ്ടെങ്കിലും ഈ സദുദ്യമത്തിന് ഓടി നടന്ന് പ്രവർത്തിച്ചത് നമ്മുടെ മേച്ചേരി അന്തോണി അച്ചനാണ്. അച്ചനെ നമുക്ക് നന്ദിയോടെ, പ്രാർത്ഥനയിൽ ഓർക്കാം.









ഒരു കാര്യം കൂടി ചേർക്കട്ടെ,
"ഉണ്ണിയേശുവിന് ഒരു സ്നേഹസമ്മാനം" എന്ന വലിയ ചിന്ത
"അടുത്തുനിൽപോരനുജനെ നോക്കാ–
നക്ഷികളില്ലാത്തോർക്ക്
അരൂപനീശൻ അദൃശ്യനായാൽ
അതിലെന്താശ്ചര്യം"

വലിയ പ്രതിസന്ധികളിലൂടെ ലോകം കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. ധനവാൻ കൂടുതൽ ധനവാനായിത്തീരുന്ന, ദരിദ്രൻ കൂടുതൽ ദരിദ്രനാകുന്ന ഇന്നത്തെ സമ്പദ്‌വ്യവസ്ഥയിൽ അഗതിമന്ദിരങ്ങളും, വൃദ്ധമന്ദിരങ്ങളും, അനാഥമന്ദിരങ്ങളും വസ്ത്രം, ഭക്ഷണം, മറ്റ് അടിയന്തിര ആവശ്യങ്ങൾ എന്നിവയ്ക്ക് ഞെരുങ്ങുന്നു. കഴിഞ്ഞ വർഷം സഹകരിച്ചതു പോലെ എല്ലാവരും പുതിയ വസ്ത്രങ്ങൾ, സോപ്പ്, വാഷിംഗ് പൗഡർ, ടാൽകം പൗഡർ തുടങ്ങിയ സാധന സാമഗ്രികൾ ഈ വരുന്ന വെള്ളി (ഡിസംബർ 18), ഞായർ (ഡിസംബർ 20), ദിവസങ്ങളിൽ നമ്മുടെ പള്ളിയുടെ മോണ്ടകത്ത് എത്തിക്കണം. രാവിലെ 10 മുതൽ 12 വരെ ഈ രണ്ട് ദിവസങ്ങളിലും ഞാൻ അവിടെ ഇരിക്കുന്നതാണ്.





**എല്ലാവർക്കും ഒരിക്കൽ കൂടി**
**ക്രിസ്തുമസ്സ്– നവവത്സരാശംസകൾ**

**നിങ്ങളുടെ നോബിയച്ചൻ**




NB :

- ദേവാലയത്തിൽ വരുന്നവർ കൊറോണ പ്രതിരോധത്തിന്റെ ഭാഗമായി സാമൂഹിക അകലം പാലിക്കുവാൻ ശ്രദ്ധിക്കണം.
- പള്ളിയിൽ ഓരോ വിശുദ്ധ കുർബാനയ്ക്കും വരുന്നവർ ആ വിവരം യൂണിറ്റ് ഭാരവാഹികളെ അറിയിക്കുവാൻ പ്രത്യേകം താല്പര്യപ്പെടുന്നു.
- 01.01.2021 വെള്ളിയാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് നടക്കുന്ന പുനഃപ്രതിഷ്ഠയിലും വിശുദ്ധ കുർബാനയിലും ഓരോ യൂണിറ്റിലെയും പ്രസിഡന്റും പ്രതിനിധിയും അടക്കം 6 പേർക്ക് പങ്കെടുക്കാവുന്നതാണ്. പേര് വിവരം നേരത്തെ അറിയിക്കേണ്ടതാണ്.
- 01.01.2021 വെള്ളിയാഴ്ച വൈകിട്ടുള്ള അത്താഴവിരുന്ന് ഇടവകയിലെ എല്ലാ വീടുകളിലും എത്തിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.